# മുകുളം

## അക്കാദമിക മാസ്റ്റർപ്ലാൻ



## ആമുഖം

കിളിമാനൂർ ഉപജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിലാണ് ഗവ. V. V. L.P.S കിളിമാനൂർ എന്ന ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ചെങ്കിക്കുന്ന് ദേശത്ത് സാധാരണക്കാർക്ക് ഒരു സ്കൂൾ അനിവാര്യമായിരുന്ന കാലത്താണ് വിദ്യാഭ്യാസ വിചക്ഷണനായ ചൂട്ടയിൽ അഞ്ഞിക്കൂട്ടിൽ വീട്ടിൽ ശ്രീ. K. ശങ്കരൻനായർ 1922 ജൂണിൽ ഈ സ്കൂൾ സ്ഥാപിച്ചത്. ഇദ്ദേഹം തന്നെയായിരുന്നു പ്രഥമാധ്യാപകനും, മാനേജരും. കോണത്തു വീട്ടിൽ ശ്രീമതി. N. പത്മാവതി അമ്മയായിരുന്നു ആദ്യ വിദ്യാർത്ഥി. ആദ്യകാല അധ്യാപകർ സർവശ്രീ. V. പത്മനാഭപിള്ള, R. കൃഷ്ണൻനായർ, S. നാരായണ അയ്യർ എന്നിവരായിരുന്നു.

1945 ൽ സ്കൂൾ നടത്തിപ്പ് സർക്കാരിന് കൈമാറി. 1984 ൽ 12 മുറികളുള്ള ഒരു ഇരുനില കെട്ടിടം സ്കൂളിന് സ്വന്തമായി. നിലവിൽ പ്രഥമാധ്യാപിക ശ്രീമതി. ബിന്ദുകുമാരി ഉൾപ്പെടെ 11 അധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. ഈ അധ്യയനവർഷത്തിൽ 283 കുട്ടികൾ പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ്സ് വരെ ഇവിടെ പഠിക്കുന്നു.

## കാഴ്ചപ്പാട്

കിളിമാനൂർ സബ് ജില്ലയിലെ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്കൂൾ പാഠ്യപ്രവർത്തനത്തിലും, പാഠ്യേതര പ്രവർത്തനത്തിലും മുന്നിലാണ്. എന്നിരുന്നാലും, കോവിഡ് മഹാമാരി കാലത്ത ഏകദേശം ഒന്നര വർഷത്തോളം ഉള്ള പഠനവിടവ് നികത്തുന്നതിന് ഉതകുന്ന തരത്തിലുള്ള പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിനായി ഭാഷാപരവും, കായിക-പരവും, വൈജ്ഞാനിക പരവും, ഗണിത പരവും ആയ പ്രവർത്തനങ്ങൾ നൽകി പിന്നോക്കം നിൽക്കുന്ന കുട്ടികളെയും മുൻനിരയിൽ എത്തിക്കാവുന്നതാണ്. കുട്ടികളിൽ ഭക്ഷ്യ സ്വയം പര്യാപ്തത നേടുന്നതിനായി ജൈവ വൈവിധ്യപാർക്കും, അടുക്കളത്തോട്ടവും കുട്ടികൾ തന്നെ മുൻകൈ എടുത്ത് നിർമ്മിക്കാനുള്ള സാഹചര്യം ഒരുക്കണം.

## ലക്ഷ്യങ്ങൾ

* വിദ്യാർത്ഥികളും, അധ്യാപകരും, സമൂഹവും തമ്മിലുള്ള ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകാനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* കുട്ടികളുടെ പഠന പങ്കാളിത്തവും, അവരുടെ പരമാവധി വികാസവും സാധ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
* കുട്ടികളുടെ സർഗപരവും, അക്കാദമികവും, കായികപരവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് പിന്നോക്കം നിൽക്കുന്ന കുട്ടികളെക്കൂടി മുഖ്യധാരയിലെത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നു.
* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക; മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
* പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുക.
* ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ അറിവുകൾ പുനർനിർമിക്കുകയും, അത് കുട്ടികളിലെത്തിച്ച് അവരെ കൂടുതൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുകയും ചെയ്യണം.

## അവസ്ഥാപഠനം

നിലവിൽ അക്കാദമിക ഭൂരിഭാഗം മെച്ചപ്പെട്ട നിലവാരത്തിലേക്ക് ഉയരാനെങ്കിലും പരിമിതികൾ കാണുന്നുണ്ട്.

## പാഠ്യപദ്ധതി വിനിമയം

### മേഖല - വായന

| ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | അദ്ധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
|---|---|---|
| 68 % | 20 % | 12 % |

### മേഖല - എഴുത്ത്

| വ്യക്തതയോടെ സ്വതന്ത്രമായി എഴുതുന്നു | അദ്ധ്യാപകന്റെ സഹായത്തോടെ എഴുതുന്നു | എഴുതാൻ ശ്രമിക്കുന്നു |
|---|---|---|
| 52 % | 28 % | 20 % |

## ഗണിതം

ശേഷി - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

| കുട്ടി സ്വയം അന്വേഷിച്ച് പ്രശ്നം പരിഹരിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു. | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു. |
|---|---|---|
| 40 % | 48 % | 12 % |

ശാസ്ത്രം

മേഖല - പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു

| അന്വേഷണാത്മകമായ വസ്തുക്കൾ നിരന്തരമായ് സ്വന്തമായി പരീക്ഷണം നടത്തി നിഗമനങ്ങളിലെത്തുന്നു. | പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. ശരിയായ നിഗമനത്തിലെത്തിച്ചേരാൻ കഴിയുന്നില്ല. | അധ്യാപികയുടെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു. |
|---|---|---|
| 20 % | 12 % | 68 % |

## പഠനാന്തരീക്ഷം

* എല്ലാ കുട്ടികൾക്കും ഇരിക്കുന്നതിന് സൗകര്യമായതും, വായുസഞ്ചാരമുള്ളതുമായ ക്ലാസ് മുറികൾ ഉണ്ട്.
* അധ്യാപക - വിദ്യാർത്ഥി - രക്ഷകർതൃബന്ധം
* ക്ലാസിന് അനുയോജ്യമായ തരത്തിലുള്ള ലൈബ്രറിയും, എല്ലാ ക്ലാസുകളിലും ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും, ഉപയോഗവും.
* പ്രകൃതിയോട് ഇണങ്ങിച്ചേരുന്നതിനുള്ള ജൈവവൈവിധ്യ ഉദ്യാനം, ആവശ്യത്തിനുള്ള കളിസ്ഥലം
* അനുയോജ്യമായ പഠനോപകരണങ്ങൾ
* നാടോടി പഴമയുമായി ബന്ധപ്പെടുത്തി നവീകരിച്ച ശിശുസൗഹൃദ പ്രീ-പ്രൈമറി ക്ലാസ് മുറികൾ.
*

## അധ്യാപകർ

* ഭയരഹിതവും, സ്വതന്ത്രമായി ഇടപെടുന്നതിനുള്ള അന്തരീക്ഷം.
* ആധുനിക സാങ്കേതിക വിദ്യയുടെയും പഠന സാമഗ്രികളുടെയും യഥാസമയത്തുള്ള ഉപയോഗം
* അധ്യാപക - രക്ഷാകർതൃബന്ധം
* വൈജ്ഞാനികത്വവും, സർഗാത്മകത്വവും.

## ഭൗതിക സാഹചര്യം

മെച്ചപ്പെട്ട സ്കൂൾ അന്തരീക്ഷം

ആവശ്യത്തിനു ഉള്ള ക്ലാസ്മുറികളും, അനുയോജ്യമായ ബെഞ്ചുകളും.

പരിസ്ഥിതി സൗഹൃദ - വിദ്യാർത്ഥി അന്തരീക്ഷം

മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ

ശുദ്ധജല ലഭ്യത

വിദ്യാർത്ഥി സൗഹൃദ ക്ലാസ്സ് റൂം

വിശാലമായ ഡൈനിംഗ് ഹാൾ

ഭക്ഷണം തയ്യാറാക്കുന്നതിനും, വിതരണം ചെയ്യുന്നതിനും അനുയോജ്യമായ മുറികൾ

ഗതാഗത സൗകര്യം

## സാമൂഹ്യ ഇടപെടലുകൾ

* PTA
* SMC
* MPTA
* പൂർവ്വ വിദ്യാർത്ഥികൾ
* വിദ്യാലയ വികസന സമിതി
* സന്നദ്ധ സംഘടനകൾ
* തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുവായത് | ഗുരുതരം | തീവ്രം | |
| കല, കായികം പ്രവൃത്തിപരിചയം | സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ അഭാവം | ✓ | | | |
| അക്കാദമികം | • ലൈബ്രറി അലമാരയുടെ അപര്യാപ്തത. | | ✓ | | |
| | • Printer-ന്റെ അഭാവം | | | ✓ | പ്രിന്റർ ലഭ്യമായി |
| | • ക്ലാസ്സ് ലൈബ്രറിയുടെ അഭാവം | | ✓ | | |
| ഭൗതികം | • ടോയ്‌ലറ്റിന്റെ എണ്ണക്കുറവ് | ✓ | | | |
| | • ടൈൽ ഇടാത്ത ക്ലാസ്സ് മുറികൾ | | ✓ | | |
| | • മഴവെള്ളം സംഭരിക്കുന്നതിനുള്ള പോരായ്മ | | | ✓ | |
| | • ഭീഷണിയുള്ള വാകുന്ന മരങ്ങൾ | | ✓ | | |
| | • വൃത്തിഹീനമായ മതിലുകൾ | ✓ | | | |
| | • ക്ലാസ്സ് മുറികളിൽ ചിത്രങ്ങളുടെ അഭാവം | ✓ | | | |
| | • Waste water Management | | | ✓ | |
| ഗതാഗതം | സ്കൂൾബസ് | | ✓ | | |

## ഹ്രസ്വകാല / ദീർഘകാല ലക്ഷ്യങ്ങൾ

കലാ കായിക പ്രവൃത്തി പരിചയ മേഖലകളിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾക്ക് പരിശീലനം നൽകണം.

കുട്ടികളുടെയും, രക്ഷിതാക്കളുടെയും സഹകരണത്തോടെ സ്കൂളിൽ പൂന്തോട്ടവും, പച്ചക്കറി തോട്ടവും നിർമ്മിക്കണം.

കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള ക്ലാസ്സ്മുറികൾ സജ്ജമാക്കുക.

കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള ശുചിമുറികൾ സജ്ജമാക്കുക.

മലിനജലം യഥാവിധി ഒഴുക്കിക്കളയുന്നതിനുള്ള സംവിധാനം ഒരുക്കണം.

കുട്ടികൾക്ക് അനുയോജ്യവും, ആകർഷകവുമായ പാർക്ക് നിർമ്മിക്കുക.

ക്ലാസ് 1 to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ പ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ. | * കാർട്ടൂൺ പ്രദർശനം<br>* English ബാലസഭ<br>* ഇംഗ്ലീഷ് അസംബ്ലി<br>* ക്ലാസ് ലൈബ്രറി വികസനം.<br>* ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. (skit, drama, Story telling conversation)<br>* English fest | 1 to 4 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ രക്ഷകർത്താക്കൾ | PTA |

# അക്കാദമിക് മാസ്റ്റർപ്ലാൻ

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വായന<br>വിഷയം: മലയാളം<br>(1 മുതൽ 4 വരെ ക്ലാസുകൾ) | വളരുന്ന വായന<br>★ പ്ലാനിംഗ്<br>• SRG ചർച്ച<br>• വായനസാമഗ്രികൾ ഉറപ്പിക്കൽ<br>• രക്ഷകർത്താക്കളെ അറിയിക്കൽ | ജൂൺ | SRG കൺവീനർ<br>ക്ലാസ് അധ്യാപകർ | | |
| [illegible] | | വിഭവശേഖരണം<br>• കഥ കവിത പുസ്തകങ്ങൾ<br>• വായന കാർഡ്<br>• ചിത്രങ്ങൾ | ജൂലൈ | ,, | | ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങളും വായനാ കാർഡുകളും ശേഖരിച്ചു |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| | | വായന കുറിപ്പ് തയ്യാറാക്കൽ<br>• ക്ലാസ് തല പുസ്തകവിതരണം<br>• കുറിപ്പ് തയ്യാറാക്കൽ<br>• സഞ്ചരിക്കുന്ന വായന കുറിപ്പ് [അധ്യാപകരുടെ മേൽനോട്ടത്തിൽ പുസ്തകത്തിൽ എഴുതിച്ചേർക്കുന്നു] | ആഗസ്റ്റ് മുതൽ മാർച്ച് വരെ | SRG കൺവീനർ ക്ലാസ് അധ്യാപകർ | | എല്ലാവെള്ളിയാഴ്ചകളിലും പുസ്തകങ്ങൾ നൽകി കുറിപ്പ് തയ്യാറാക്കി വരുന്നു |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 2 | (ഇംഗ്ലീഷ്) Reading and writing Skill | • SRG ചർച്ച<br>• Reading Cards<br>• Conversation and description Writing<br>എല്ലാ ദിവസവും ക്ലാസിന് മുമ്പ് Hello English - മായി ബന്ധപ്പെട്ട activities നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | SRG Convenor ക്ലാസ് അധ്യാപകർ | | ക്ലാസിലെ പഠനോപകരണങ്ങളുമായി ബന്ധപ്പെട്ട് conversation & description ചെയ്തു വരുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഗണിതം | * ജ്യാമിതീയ രൂപങ്ങൾ ചുമരൊരുക്കൽ<br>* ഗണിത മിഠായി<br>• സങ്കലനം<br>* SRG ചർച്ച<br>* രക്ഷിതാക്കളുടെ യോഗം<br>* ക്ലാസ് തലത്തിൽ നിലവാരമനുസരിച്ച് കുട്ടികളെ മൂന്ന് ഗ്രൂപ്പുകളാക്കി തിരിക്കുന്നു.<br>* വിഭവസമാഹരണം<br>ഈർക്കിൽ, മഞ്ചാടി, സംഖ്യാകാർഡുകൾ, മുത്തുകൾ, കളിനോട്ടുകൾ തുടങ്ങിയവ | ജൂൺ മുതൽ ജൂലൈ വരെ | SRG Convenor<br>അധ്യാപകർ | | എല്ലാകുട്ടികളിലും ഗണിതപലസങ്ക[illegible] കരിച്ചു |

| ആഴ്ച നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | നിർമ്മിതികൾ |
|---|---|---|---|---|---|---|
| | | **ജ്യാമിതീയ രൂപങ്ങൾ പൂന്തോട്ടത്തിൽ**<br>* തറ നിരപ്പാക്കൽ<br>* ജ്യാമിതീയ രൂപത്തിൽ കമ്പുകൾ നാട്ടൽ<br>* ചെടി നടൽ | ആഗസ്റ്റ് മുതൽ മാർച്ച് വരെ | SRG Convenor<br>ക്ലാസ് അധ്യാപകർ | | ജ്യാമിതീയ രൂപത്തിൽ ചീരവിത്ത് നട്ടു. |
| | | **സങ്കലന പ്രവർത്തനങ്ങൾ**<br>* മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള സങ്കലന ക്രിയകൾ ചെയ്യൽ<br>* സംഖ്യാ കാർഡുകളുടെ ഉപയോഗം<br>* ലഘു പ്രായോഗിക പ്രശ്നങ്ങൾ സങ്കലന ക്രിയകൾ ഉപയോഗിച്ച് നിർധാരണം ചെയ്യൽ | | | | മൂർത്തവസ്തുക്കളുപയോഗിച്ച് സങ്കലന ക്രിയകൾ ചെയ്തുവരുന്നു |

## സംയുക്ത ഡയറി

ക്ലാസ് : 1 to 4

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു. | * ക്ലാസ് PTA യിൽ ഡയറി എഴുത്തിന്റെ രീതിയെ പരിചയപ്പെടുത്തുന്നു.<br>* രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.<br>* ടീച്ചർ ഡയറി പരിശോധിച്ച് ഉറപ്പു വരുത്തുന്നു.<br>* സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു. | 1 to 4 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ രക്ഷിതാക്കൾ | അധ്യാപകർ SSA<br><br>സചിത്രഡയറി എല്ലാദിവസങ്ങളിലും കുട്ടികൾ എഴുതുന്നു |

# മലയാളം മധുരം

ക്ലാസ് : I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു. | * അവധിക്കാലത്ത് ആരംഭിച്ച വായനത്തുടർച്ച ഉറപ്പുവരുത്തുന്നു.<br>* സംയുക്ത വായന<br>* വായനോത്സവം<br>* വായനച്ചങ്ങാത്തം<br>* രചനോത്സവം<br>* കുട്ടികളുടെ രചനകളുടെ പുസ്തക പ്രകാശനം<br>* വ്യക്തിഗത പുസ്തകം തയ്യാറാക്കുന്നതിനുള്ള പ്രോത്സാഹനം | I to IV | ജൂൺ മുതൽ ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | അധ്യാപകർ രക്ഷകർത്താക്കൾ PTA | PTA |

പാട്ടരങ്ങ്

ക്ലാസ് : I & II

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| * താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും, മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. | * ക്ലാസ് PTAയിൽ പദ്ധതി അവതരിപ്പിക്കുന്നു.<br>* സംഗീതോപകരണങ്ങളുടെ നിർമാണം.<br>* അവതരണം.<br>* ഡോക്യുമെന്റേഷൻ<br>* ഭാഷാവേദിയിൽ പാട്ടരങ്ങ് അവതരണം | I<br>II | ജൂൺ മുതൽ മാർച്ച് | ക്ലാസധ്യാപകർ, രക്ഷിതാക്കൾ | SS K. |

സചിത്ര പുസ്തകം

ക്ലാസ് 1 & 2

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| * പാഠഭാഗങ്ങൾ സചിത്രപുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിലൂടെ പ്രായോഗിക ധാരണ നേടുന്നു. <br> * കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു. | * സചിത്ര ബുക്കുകൾ വിതരണം ചെയ്യുന്നു. <br> * class PTA കൾ നടത്തി രക്ഷിതാക്കൾക്ക് പരിചയപ്പെടുത്തുന്നു. <br> * പ്രതിമാസ വിലയിരുത്തൽ <br> * സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ. | 1<br>2 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | SSK |

റീഡേഴ്സ് തിയേറ്റർ ക്ലാസ് 1 & 2

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| * പാഠപുസ്തകങ്ങളിലെയും ലഘു ബാല സാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു. | * ക്ലാസ് PTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പു വരുത്തൽ.<br>* എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, ബാല സാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു.<br>* മികച്ചവ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കുന്നു. | I I | ഒരു വർഷം. June മുതൽ | അധ്യാപകർ രക്ഷിതാക്കൾ | S. S. K. |

ഉപമേഖല - അറബിക്

ക്ലാസ് - I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | സമയക്രമം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവുണ്ടാകുന്നു. | * അക്ഷരവായന | I, II | ജൂൺ | അധ്യാപകർ | അധ്യാപകർ PTA SRG |
| | * ക്ലാസ് വായന | I to IV | ജൂൺ-ഫെബ്രുവരി | | |
| | * ചിത്ര വായന | I to IV | ,, | | |
| | * വീട്ടു വായന | I to IV | നവംബർ-ഡിസംബർ | | |
| | * വായനാ മത്സരങ്ങൾ | II, III & IV | ജൂൺ - മാർച്ച് | | |
| | * വാക്യങ്ങൾ ഉറപ്പിക്കൽ | I to IV | ജൂൺ - മാർച്ച് | | |
| | * വ്യാകരണങ്ങൾ | III to IV | ജൂൺ - മാർച്ച് | | |
| അറബിഭാഷാ പഠനത്തിന്റെ പരിപോഷണം | * അക്ഷരങ്ങൾ ഉറപ്പിക്കൽ | I to IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ PTA |
| | * പദങ്ങൾ ഉറപ്പിക്കൽ | I, II | ജൂൺ-മാർച്ച് | | |
| | * ചിഹ്നങ്ങൾ ഉറപ്പിക്കൽ | I to IV | ജൂൺ-മാർച്ച് | | |

| | | | | | |
|---|---|---|---|---|---|
| | ★ കൈയെഴുത്ത്<br>★ അക്ഷരക്കാർഡ് നിർമ്മാണം<br>★ ചുമർപത്രിക നിർമ്മാണം<br>★ ചാർട്ട് എഴുത്ത്<br>★ ചിത്രകഥ നിർമ്മാണം<br>★ കൈയ്യെഴുത്ത് മാസിക | I & II<br>I & II<br>I to IV<br>III & IV<br>III & IV<br>I to IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>സെപ്തംബർ - മാർച്ച്<br>ഒക്ടോബർ - മാർച്ച്<br>ജൂലൈ - മാർച്ച്<br>ഡിസംബർ - ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാകുന്നതിനായി | ★ ഇ - ടെക്സ്റ്റ് ഉപയോഗിച്ച് അതിലെ സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>★ റോൾ പ്ലേ<br>★ ക്ലാസ് തല സംഭാഷണം<br>★ കാർട്ടൂൺ പ്രദർശനം<br>★ പദസമ്പത്ത് വർദ്ധിപ്പിക്കൽ | I to IV<br>I to IV<br>I to IV<br>I to IV<br>II to IV | ജൂലൈ - മാർച്ച്<br>ജൂൺ - മാർച്ച്<br>ആഗസ്റ്റ് - മാർച്ച്<br>ആഗസ്റ്റ് - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>SRG<br>PTA |

| | | | | | |
|---|---|---|---|---|---|
| | Translation<br>മലയാളം → അറബിക്<br>അറബിക് → മലയാളം<br>അറബിക് → ഇംഗ്ലീഷ്<br>ഇംഗ്ലീഷ് → അറബിക് | I - IV | ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ |